**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *576** | **23.05.2017 ൽ മറുപടിയ്ക്ക്**

**"പച്ചക്കറിയുടെ വിലവർദ്ധന "**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | ശ്രീ. വി.ടി. ബൽറാം<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അനൂപ് ജേക്കബ്ബ്<br>ശ്രീ. അനിൽ അക്കര | | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) | പച്ചക്കറിവില പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പല വ്യാപാരികളും പാലിക്കുന്നില്ലയെന്നതും തോന്നിയ വിലയ്ക്ക് അവർ പച്ചക്കറി വിൽക്കുന്നുവെന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | പൊതുവിപണിയിൽ അനഭിലഷണീയമായ ഇത്തരം ചില രീതികൾ നിലവിലുണ്ടെങ്കിലും കൃഷി വകുപ്പിന്റേയും അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, ഇക്കോഷോപ്പുകൾ എന്നിവ മുഖേന ന്യായ വിലയ്ക്ക് പച്ചക്കറി വിപണിയിൽ ലഭ്യമാകുന്നുണ്ട്. കൃഷി വകുപ്പിന്റെ അധീനതയിലുള്ള പച്ചക്കറി സ്റ്റാളുകളിൽ വിലവിവര പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ ചില ഫ്രാഞ്ചൈസി സ്റ്റാളുകളിൽ വില പ്രദർശിപ്പിക്കപ്പെട്ടിട്ടില്ല എന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ലൈസൻസി സ്റ്റാളുകൾക്കും വില പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്സവ സീസണുകളിൽ സർക്കാർ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് പച്ചക്കറി കൃഷിയിലും ജൈവകൃഷിയിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഉണർവിനു ശേഷവും സാധാരണക്കാർക്ക് താങ്ങാനാവാത്ത വിധത്തിൽ പച്ചക്കറിവില ഉയരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും കടുത്ത വരൾച്ച മൂലം വിളകൾക്ക് നാശം സംഭവിച്ചതും ഉൽപാദനത്തിൽ കുറവുണ്ടായതും പച്ചക്കറികളുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്.<br>ജൈവ രീതിയിൽ ഉത്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾക്ക് ഉത്പാദന ചെലവ് കൂടുതലായതുകൊണ്ട് മറ്റിനങ്ങളേക്കാൾ വിപണി വില ഉയർന്നതായിരിക്കും. |

**സെക്ഷൻ ഓഫീസർ**